II.ഇ.ബി. XII--കേരള നിയമസഭ/I- 6

## പന്ത്രണ്ടാം കേരള നിയമസഭ

ഒന്നാം സമ്മേളനം

## ചോദ്യോത്തരങ്ങൾ-സംഗ്രഹം

2006 ജൂൺ 27, ചൊവ്വ

നിയമസഭ രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ.കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## വാങ്മൂലം നൽകിയ ഉത്തരങ്ങൾ

27(*136 & *153) തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലെ ഓഡിറ്റ്

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രിക്കുവേണ്ടി ധന കാര്യവകുപ്പുമന്ത്രി (ഡോ.തോമസ് ഐസക്) നൽകിയ മറുപടിയിൽ, തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ നിലവിൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), ലോക്കൽ ഫണ്ട് ഓഡിറ്റ്, പെർഫോമൻസ് ഓഡിറ്റ് എന്നീ വിവിധ തരത്തിലുള്ള ഓഡിറ്റു കൾ നടന്നുവരുന്നുണ്ടെന്ന് സഭയെ അറിയിച്ചു. കോ-ഓർഡിനേഷൻ ഇല്ലാതെ ഈ മൂന്നു തരത്തിലുള്ള ഓഡിറ്റുകളും ഒരേസമയത്ത് നടത്തുന്നതു കൊണ്ട് പഞ്ചായത്തുകൾക്ക് ഉണ്ടാകുന്ന ബുദ്ധിമുട്ടുകൾ ഒഴിവാക്കുന്നതിന് ക്രമീകരണം വരുത്താൻ ശ്രമിക്കുന്നതായും ആഡിറ്റ് കമ്മിഷൻ രൂപീകരി ക്കുക എന്നുള്ളതാണ് ഇതിന് ആത്യന്തികമായ പരിഹാരമെന്നും മന്ത്രി പറ ഞ്ഞു. വിവിധ വകുപ്പുകളുടെ പ്രവർത്തനങ്ങൾ പഞ്ചായത്തുതലത്തിൽ കൂടു തൽ ഏകോപിപ്പിക്കുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മറ്റു വകുപ്പുകളിലെ നിർവ്വഹണോദ്യോഗസ്ഥർ മുഖേന നടപ്പാക്കുന്ന പദ്ധതികളുടെ പ്രവർത്തനം സംബന്ധിച്ച രേഖകളും

ഫയലുകളും ശരിയായി സൂക്ഷിക്കാനും നിർവ്വഹണോദ്യോഗസ്ഥരുടെ ഓഫീ സുകളിൽ സൂക്ഷിക്കുന്ന ഫയലുകൾ ഓഡിറ്റിന് ആവശ്യപ്പെടുമ്പോൾ ലഭ്യമാക്കാനും ആവശ്യമായ നിർദ്ദേശം നൽകിയിട്ടുണ്ട്. തദ്ദേശഭരണ സ്ഥാപ നങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതോ ടൊപ്പം സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുന്നതിനുള്ള നടപടികളും സ്വീക രിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ തുടർച്ചയായി ആഡിറ്റ് നട ത്തുന്നതിലെ കാലതാമസം ഒഴിവാക്കുന്നതിനായി അക്കൗണ്ടിംഗ് സമ്പ്രദായം പുനഃക്രമീകരിക്കുകയും ലഘൂകരിക്കുകയും ചെയ്യുക; വർഷാന്ത്യക്കണക്കു കൾ കൃത്യസമയത്ത് പൂർത്തീകരിക്കാൻ സഹായിക്കുന്നതിലേയ്ക്കായി പുതിയ അക്കൗണ്ടിംഗ് ചട്ടങ്ങളും അക്കൗണ്ട്സ് മാനുവലും തയ്യാറാക്കുക; 'ഓഡിറ്റ് മാനുവൽ' തയ്യാറാക്കുക; ഓഡിറ്റർമാർക്ക് കൃത്യമായി പരിശീലനം നൽകുക എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. പുറത്തുനിന്ന് ആളുകളെ നിയോഗിച്ച് കണക്കുകൾ പൂർണ്ണമായി എഴുതിത്തയ്യാറാക്കി സമർപ്പിക്കുന്നതി നുവേണ്ടി ആരംഭിച്ച പരിപാടി ശക്തിപ്പെടുത്തി ആഡിറ്റിൽ ഉണ്ടായിട്ടുള്ള ബാക്ക്ലോഗ് തീർക്കുന്നതിന് സർക്കാർ അടിയന്തിര നടപടി സ്വീകരിക്കുന്ന താണ്. പഞ്ചായത്തുകൾ തക്കസമയത്ത് ആഡിറ്റിന് റിപ്പോർട്ട് സമർപ്പിക്കാതി രിക്കൽ; റിപ്പോർട്ട് സമർപ്പിച്ചുകഴിഞ്ഞാൽ ആഡിറ്റിന് കാലതാമസം ഉണ്ടാ ക്കൽ; ആഡിറ്റ് റിപ്പോർട്ട് വന്നുകഴിഞ്ഞാൽ മേൽ നടപടികൾ ഉണ്ടാകാതിരി ക്കൽ തുടങ്ങിയ പ്രശ്നങ്ങൾ പരിഹരിക്കേണ്ടതായിട്ടുണ്ട്. ആഡിറ്റ് റിപ്പോർട്ട് വന്നുകഴിഞ്ഞാൽ സീനിയർ ഉദ്യോഗസ്ഥർ അടങ്ങുന്ന ആഡിറ്റ് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലും നിയമസഭ യുടെ ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടേയും സബ്ജക്ട് കമ്മിറ്റി

യുടേയും റിപ്പോർട്ടുകളുടെ അടിസ്ഥാനത്തിലും അദാലത്തിൽ ദ്രുതഗതിയിൽ മേൽനടപടികൾ സ്വീകരിക്കുന്നതാണ്. പഞ്ചായത്തുകൾക്ക് പ്രത്യേകമായ അക്കൗണ്ടിംഗ് ചട്ടങ്ങൾ ഉണ്ടാക്കാൻ നടപടി എടുത്തുവരുന്നു. ഗുവാഹട്ടി യിൽച്ചേർന്ന ആഡിറ്റിനെ സംബന്ധിച്ച പഞ്ചായത്ത്‌രാജ് മന്ത്രിമാരുടെ റൗണ്ട്ടേബിൾ യോഗത്തിൽ അംഗീകരിക്കപ്പെട്ട നിർദ്ദേശങ്ങൾ കേരളത്തിൽ നടപ്പിലാക്കുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണെന്നും മറ്റ് സംസ്ഥാനങ്ങളേക്കാൾ അത് നടപ്പിലാക്കാനുള്ള ചുമതല കേരളത്തിനാണുള്ളതെന്നും മന്ത്രി വ്യക്തമാക്കി. പെർഫോമൻസ് ആഡിറ്റ് പാരലൽ ആഡിറ്റായി മാറിയ സാഹചര്യം കണക്കിലെടുത്ത് അത് സമഗ്രമായി റിവ്യൂ ചെയ്ത് അതിന്റെ ലക്ഷ്യങ്ങളും പ്രവർത്തനരീതികളും പുനർനിർണ്ണയിച്ച് കൺകറന്റ് ആഡിറ്റ്/ഓൺലൈൻ ആഡിറ്റായി മാറ്റുന്നതിനെ സംബന്ധിച്ച് പരിശോധിക്കുന്നതാണ്. തദ്ദേശഭരണ സ്ഥാപനങ്ങളിൽ ആഡിറ്റ് നടത്തുന്നതിന് ഒരു ടൈംടേബിൾ തയ്യാറാക്കുന്നതാണ്. സി. & എ.ജി.യുടെ മാർഗ്ഗനിർദ്ദേശങ്ങൾക്കനുസൃതമായി ലോക്കൽഫണ്ട് ആഡിറ്റ് കൂടുതൽ കാര്യക്ഷമമാക്കുന്നതിനെ സംബന്ധിച്ച് ആലോചിച്ചുകൊണ്ടിരിക്കുകയാണ്. സോഷ്യൽ ആഡിറ്റിന് രൂപം കൊടുക്കുന്നതു സംബന്ധിച്ചുള്ള മാർഗ്ഗ നിർദ്ദേശങ്ങൾ സർക്കാർ ഒരു വർഷത്തിനുള്ളിൽ പുറപ്പെടുവിക്കുന്നതാണ്. ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് കൊടുത്താലും ലോക്കൽ ഫണ്ട് യഥാസമയം ആഡിറ്റ് നടത്താതിരിക്കുന്നതിനെ സംബന്ധിച്ച് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. തദ്ദേശസ്വയംഭരണ വകുപ്പിന് കൈമാറിയിട്ടുള്ള സ്ഥാപനങ്ങൾ പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട രേഖകൾ യഥാസമയം ലഭ്യമാക്കാത്തതുകൊണ്ടുള്ള ആഡിറ്റ് കുടിശ്ശിക ഉണ്ടാകുന്നുണ്ടെന്നും 2004–05 മുതൽ ആഡിറ്റ് നടത്തേണ്ട 10931 സ്ഥാപനങ്ങളിൽ 6675 സ്ഥാപനങ്ങൾ മാത്രമേ ആവശ്യമായ

രേഖകൾ സമർപ്പിച്ചിട്ടുള്ളൂവെന്നും ഈ വീഴ്ച പരിഹരിക്കുന്നതിന് ആവശ്യ മായ നടപടികൾ സ്വീകരിക്കുന്നതാണെന്നും മന്ത്രി പറഞ്ഞു. പഞ്ചായത്തു കൾ കൊടുത്തുകൊണ്ടിരിക്കുന്ന അര ശതമാനം ആഡിറ്റ് ഫീസ് ഒഴിവാ ക്കുന്ന കാര്യം വസ്തുനിഷ്ഠമായി പരിശോധിക്കുന്നതാണ്. കേന്ദ്ര പ്ളാനിംഗ് കമ്മിഷന്റെ സ്പെഷ്യൽ ടീം അധികാര വികേന്ദ്രീകരണത്തെക്കുറിച്ച് നട ത്തിയ പഠനത്തിൽ കാർഷിക മേഖലയ്ക്ക് വിഹിതം കുറഞ്ഞുവരുന്നു എന്നു ള്ള ന്യൂനത കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ നടപടികൾ സ്വീകരിച്ച് പരിഹാരം ഉണ്ടാക്കുന്നതാണ്. മൂന്നാം ധനകാര്യ കമ്മിഷന്റെ ശുപാർശയുടെ അടിസ്ഥാനത്തിൽ ചില വ്യവസ്ഥകൾക്ക് വിധേയമായി പഞ്ചായത്തുകൾക്ക് പരമാവധി സ്വാതന്ത്ര്യത്തോടെ പ്രവർത്തിക്കുന്നതിനുള്ള അധികാരം നൽകുന്നതാണെന്നും 12-ാം ധനകാര്യ കമ്മിഷൻ ഓരോ വർഷവും കേരളത്തിന് അനുവദിച്ച 1.8 കോടി രൂപ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് കൈമാറാത്തതിൽ വീഴ്ച ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോ ധിച്ച് പരിഹാര നടപടികൾ സ്വീകരിക്കുന്നതാണെന്നും പഞ്ചായത്തുകളിൽ പുനർവിന്യസിപ്പിച്ച ഡ്യുവൽ കൺട്രോളുള്ള ഉദ്യോഗസ്ഥരുടെ പ്രാഥമിക ഉത്തരവാദിത്വം തദ്ദേശഭരണ സ്ഥാപനങ്ങളോടുതന്നെ ആയിരിക്കണമെന്ന രീതിയിൽ ക്രമീകരണം ഏർപ്പെടുത്തുന്നതിനെ സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കുന്നതാണെന്നും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തനതു ഫണ്ട് സർക്കാരിലേയ്ക്ക് തിരിച്ചെടുക്കാൻ അവകാശമില്ലെന്നും അത്ത രത്തിൽ എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടെങ്കിൽ പരിശോധിച്ച് നടപടികൾ കൈക്കൊള്ളുന്നതാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

28(*137) അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി

മുഖ്യമന്ത്രി (ശ്രീ.വി.എസ്. അച്ചുതാനന്ദൻ) നൽകിയ മറുപടിയിൽ, ഒരു വീട്ടിൽനിന്നും ഒരാൾക്കെങ്കിലും കമ്പ്യൂട്ടർ പരിശീലനം നൽകി വിവര സാങ്കേതിക വിദ്യയുടെ പ്രയോജനം സാമാന്യജനങ്ങളിലെത്തിക്കുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന അക്ഷയ കമ്പ്യൂട്ടർ സാക്ഷരതാ പദ്ധതി മലപ്പുറം ജില്ലയിൽ നടപ്പാക്കിക്കഴിഞ്ഞുവെന്നും കൊല്ലം, പത്തനംതിട്ട, എറണാകുളം, തൃശ്ശൂർ, കണ്ണൂർ, കോഴിക്കോട്, കാസറഗോഡ് എന്നീ ജില്ലകളിൽ നടപ്പാക്കിവരുന്നുണ്ടെന്നും ഇത് സംസ്ഥാനമൊട്ടാകെ വ്യാപിപ്പിക്കുന്നതിനുള്ള നടപടി സർക്കാരിന്റെ പരിഗണനയിലാണെന്നും സഭയെ അറിയിച്ചു. 100 ശതമാനം കമ്പ്യൂട്ടർ സാക്ഷരത കൈവരിച്ച് മലപ്പുറം ജില്ലയെ ഇൻഡ്യയിലെ ആദ്യത്തെ കമ്പ്യൂട്ടർ സാക്ഷരതാ ജില്ലയാക്കുവാൻ കഴിഞ്ഞിട്ടുണ്ട്. വിവര സാങ്കേതികവിദ്യ കാര്യക്ഷമമായി ഉപയോഗിക്കുന്നതിനും പങ്കുവയ്ക്കുന്നതിനും എല്ലാ വിഭാഗം ജനങ്ങൾക്കും കമ്പ്യൂട്ടർ സാക്ഷരതയ്ക്ക് അവസരം സൃഷ്ടിക്കുന്നതിനും ഉല്പാദന സേവന മേഖലകളിലെ അറിവ് ഉപയോഗിച്ച് സമഗ്ര വികസനം സാധ്യമാക്കുന്നതിനുംവേണ്ടി സംസ്ഥാന സർക്കാർ ആവിഷ്ക്കരിച്ച് നടപ്പിലാക്കുന്ന പദ്ധതിയാണ് അക്ഷയ. ഈ പദ്ധതിയുടെ സ്റ്റേറ്റ് ലെവൽ എക്സിക്യൂട്ടീവ് കമ്മിറ്റി ഇതിന്റെ പ്രവർത്തനങ്ങൾ കാലാകാലങ്ങളായി വിലയിരുത്താറുണ്ട്. സംസ്ഥാനത്ത് മൂന്നു ലക്ഷത്തോളം ആളുകൾ കമ്പ്യൂട്ടർ പരിശീലനം പൂർത്തിയാക്കിയിട്ടുണ്ട്. പത്തു ദിവസങ്ങളിലായി 15 മണിക്കൂർകൊണ്ട് പൂർത്തിയാക്കുന്ന, മലയാളം, ഇംഗ്ളീഷ്, തമിഴ്, കന്നട എന്നീ ഭാഷകളിൽ തയ്യാറാക്കിയിട്ടുള്ള ഒരു മോഡ്യൂളാണ് പരിശീലനത്തിന് ഉപയോഗിക്കുന്നത്. നിയമസഭാംഗങ്ങൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനുവേണ്ടി പാർലമെന്ററികാര്യ വകുപ്പ് ഒരു പദ്ധതി

തയ്യാറാക്കിക്കൊണ്ടിരിക്കുകയാണെന്നും പരിശീലനം നൽകിക്കഴിഞ്ഞതിനു ശേഷം കമ്പ്യൂട്ടർ നൽകുന്ന കാര്യം ബഹുമാനപ്പെട്ട സ്പീക്കറുമായി ആലോചിച്ച് ചെയ്യുന്നതാണെന്നും ഒരുപചോദ്യത്തിന് മറുപടിയായി നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി അറിയിച്ചു.

**രേഖാമൂലം നൽകിയ ഉത്തരങ്ങൾ**

29(*141) <u>കുടുംബശ്രീ പദ്ധതി</u>

തദ്ദേശസ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സംസ്ഥാനത്തെ ദാരിദ്ര്യം പൂർണ്ണമായി ഇല്ലായ്മ ചെയ്യുക എന്ന ലക്ഷ്യത്തോടെ പ്രവർത്തിക്കുന്ന കുടുംബശ്രീ പദ്ധതി നാട്ടിൽ ലഭ്യമായ വിഭവങ്ങളും സേവനങ്ങളും ഉപയോഗിച്ചുകൊണ്ട് സ്വയംസഹായ രീതിയിലാണ് നടപ്പിലാക്കുന്നതെന്നറിയിച്ചു. കുടുംബശ്രീയിലൂടെ ഇപ്പോൾ നടന്നുവരുന്ന പ്രധാന പ്രവൃത്തികൾ താഴെക്കൊടുക്കുന്നു.

1. കുടുംബശ്രീ സംഘടനാ സംവിധാനത്തിന്റെ നേതൃതലത്തിൽ പ്രവർത്തിക്കുന്നവരുടേയും തദ്ദേശഭരണ സ്ഥാപനങ്ങളിലെ തെരഞ്ഞെടുക്കപ്പെട്ട ജനപ്രതിനിധികളുടേയും ഉദ്യോഗസ്ഥന്മാരുടേയും കുടുംബശ്രീ സംരംഭകരുടേയും മാനവശേഷി വർദ്ധിപ്പിക്കുന്നതിനുള്ള വിവിധ പരിശീലന പരിപാടികൾ;
2. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ആരോഗ്യ വോളന്റിയർമാരുടെ നേതൃത്വത്തിൽ നടക്കുന്ന സാമൂഹ്യ ആരോഗ്യ പരിപാടി;
3. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിലെ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ നിലവാരം മെച്ചപ്പെടുത്തുന്നതിനാവശ്യമായ

റെമഡിയൽ എഡ്യൂക്കേഷൻ സെന്റർ, വെക്കേഷൻ ക്ളാസ്സുകൾ മുതലായവ;

4. അടുത്ത തലമുറയിലേയ്ക്കുള്ള ദാരിദ്ര്യത്തിന്റെ വ്യാപനം തടയുന്നതിന് കുട്ടികളെ ശാക്തീകരിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള 'ബാലസഭ';.

5. അയൽക്കൂട്ടതലത്തിൽ അയൽക്കൂട്ട കുടുംബാംഗങ്ങളുടെ നിക്ഷേപം സമാഹരിക്കലും വായ്പ നൽകലും ഉൾപ്പെടെയുള്ള മൈക്രോഫിനാൻസ് പ്രവർത്തനങ്ങൾ;

6. കുടുംബശ്രീ അയൽക്കൂട്ടങ്ങളെ നബാർഡിന്റെ മാനദണ്ഡങ്ങൾ അനുസരിച്ച് ഗ്രേഡ് ചെയ്തുകൊണ്ട് ധനകാര്യ സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തുന്ന ലിങ്കേജ് ബാങ്കിംഗ് പരിപാടി;

7. കുടുംബശ്രീ അയൽക്കൂട്ടങ്ങളിലെ ഭവനരഹിതരായ അംഗങ്ങൾക്ക് പാർപ്പിടം നിർമ്മിക്കുന്നതിന് ധനകാര്യസ്ഥാപനങ്ങളിൽനിന്നും വായ്പ ലഭ്യമാക്കുന്ന ഭവനശ്രീ പദ്ധതി;

8. സമൂഹത്തിൽ കൊടിയ ദാരിദ്ര്യം അനുഭവിക്കുന്ന അഗതി കുടുംബങ്ങളെ കണ്ടെത്തി പുനരധിവസിപ്പിക്കുന്നതിനുവേണ്ടി ആവിഷ്കരിച്ചിട്ടുള്ള ആശ്രയ പദ്ധതി;

9. ഗ്രാമപഞ്ചായത്തുകളിൽ തരിശിട്ടിരിക്കുന്ന കൃഷിഭൂമി പാട്ടത്തിനെടുത്ത് കൃഷി ചെയ്യുന്ന പാട്ടക്കൃഷി പരിപാടി;

10. അയൽക്കൂട്ട കുടുംബങ്ങളുടെ സാമ്പത്തിക അഭിവൃദ്ധിയും അയൽക്കൂട്ടാംഗങ്ങളുടെ സാമ്പത്തിക ശാക്തീകരണവും

ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന വൈവിധ്യമാർന്ന മൈക്രോ സംരംഭങ്ങൾ;

11. കുടുംബശ്രീ അയൽക്കൂട്ട കുടുംബങ്ങളിലെ അഭ്യസ്തവിദ്യരായ യുവതീയുവാക്കൾക്ക് തൊഴിൽ ലഭ്യമാക്കുന്നതിന് ലക്ഷ്യമിട്ടുകൊണ്ട് നടപ്പാക്കുന്ന യുവശ്രീ പദ്ധതി;

12. കുടുംബശ്രീ ആവിഷ്കരിച്ച് നടപ്പാക്കിവരുന്ന ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ പഞ്ചായത്തുകളെ ശക്തിപ്പെടുത്തുന്നതിനും ഏകോപിതമായി നടപ്പാക്കുന്നതിനും വേണ്ടി ആവിഷ്കരിച്ചിട്ടുള്ള സ്വയംപര്യാപ്ത സ്വാശ്രയ സുസ്ഥിര ഗ്രാമ പരിപാടി;

13. നഗരപ്രദേശങ്ങളിലെ ദാരിദ്ര്യ നിർമ്മാർജ്ജന പ്രവർത്തനങ്ങൾ നടപ്പാക്കുന്ന സ്റ്റേറ്റ് അർബൻ ഡെവലപ്മെന്റ് ഏജൻസിയായി സംസ്ഥാന ദാരിദ്ര്യ നിർമ്മാർജ്ജന മിഷനെ ഗവണ്മെന്റ് നിശ്ചയിച്ചിട്ടുണ്ട്. ഇതിലൂടെ കേന്ദ്രാവിഷ്കൃത നഗരദാരിദ്ര്യ നിർമ്മാർജ്ജന പരിപാടികളായ സുവർണ്ണ ജയന്തി ഷഹരി റോസ്ഗാർ യോജന (എസ്.ജെ.എസ്.ആർ.വൈ), ദേശീയ ചേരി വികസന പരിപാടി, (എൻ.എസ്.ഡി.പി), വാല്മീകി അംബേദ്കർ ആവാസ് യോജന (വാംബേ), ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം (ഐ.എച്ച്.എസ്.ഡി.പി), നിലവിലുള്ള ഗ്രാമവികസന വകുപ്പിന്റെ വിപണന കേന്ദ്രങ്ങളും വിപണന സൗകര്യങ്ങളും ലഭ്യമാക്കി കുടുംബശ്രീ യൂണിറ്റുകളുടെ ഉൽപന്നങ്ങളുടെ വിൽപന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതു കൂടാതെ ത്രിതല പഞ്ചായത്തുകളുടെ പദ്ധതി വിഹിതം കൂടി

ഉൾപ്പെടുത്തി വിപണന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതാണ്. റൂറൽ ഹാറ്റ് പോലുള്ള വിപണനകേന്ദ്രങ്ങൾ കേന്ദ്ര സഹായത്തോടെ നടപ്പാക്കുന്നതിനായി ശ്രമിക്കുന്നതാണ്.

30(*159) ഭരണഭാഷ മലയാളമാക്കുന്നതിലെ പുരോഗതി

തദ്ദേശ സ്വയംഭരണവും ഗ്രാമ വികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, 1969-ലെ കേരള ഔദ്യോഗിക ഭാഷകൾ ആക്ട് (1) ബി പ്രകാരം നാളിതുവരെ പല ഘട്ടങ്ങളിലായി 69 സർക്കാർ വകുപ്പുകളിലും അവയുടെ ഭരണ വകുപ്പുകളിലും കേരള പബ്ളിക് സർവ്വീസ് കമ്മീഷൻ, കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ, കേരള വനിതാ കമ്മീഷൻ, ലോകായുക്ത, ഓംബുഡ്സ്മാൻ എന്നീ സ്ഥാപനങ്ങളിലും 10 പൊതുമേഖലാ സ്ഥാപനങ്ങളിലും 21 സ്വയംഭരണ സ്ഥാപനങ്ങളിലും മലയാളം ഔദ്യോഗിക ഭാഷയാക്കിക്കൊണ്ട് സർക്കാർ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ടെന്നറിയിച്ചു ബഹുജനങ്ങളുമായി ഏറെ സമ്പർക്കമുള്ള പഞ്ചായത്ത്, റവന്യൂ, സഹകരണം, ഗ്രാമ വികസനം, സാമൂഹികക്ഷേമം, വിവര-പൊതുജന സമ്പർക്ക വകുപ്പ്, സ്റ്റേഷനറി വകുപ്പ്, ഔദ്യോഗിക ഭാഷാ വകുപ്പ് എന്നിവയിൽ മലയാളം സാർവ്വത്രികമായി ഉപയോഗിക്കുന്നു. സംസ്ഥാനത്തെ ഔദ്യോഗിക ഭാഷാ മാറ്റ പുരോഗതി വിലയിരുത്തുന്നതിന് താലൂക്ക്, ജില്ലാ സംസ്ഥാനതലങ്ങളിലും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉന്നതതലത്തിലും ഔദ്യോഗിക ഭാഷാ സമിതികൾ പ്രവർത്തിക്കുന്നു. തഹസീൽദാർ കൺവീനറും വിവിധ വകുപ്പുകളുടെ താലൂക്കുതല ഓഫീസർമാർ അംഗങ്ങളും ആയിട്ടുള്ള താലൂക്കുതല ഔദ്യോഗിക ഭാഷാ സമിതി 2 മാസത്തിലൊരിക്കലും ജില്ലാകളക്ടർ അദ്ധ്യക്ഷനും എ.ഡി.എം. കൺവീനറും ജില്ലാ ഓഫീസർമാരും തഹസീൽദാർമാരും അംഗങ്ങളുമായിട്ടുള്ള ജില്ലാ

സമിതി 3 മാസത്തിലൊരിക്കലും യോഗം ചേർന്ന് താലൂക്ക്, ജില്ലാ തലങ്ങളിലുള്ള ഭരണഭാഷാമാറ്റ പുരോഗതി വിലയിരുത്തുന്നു. ചീഫ് സെക്രട്ടറി അദ്ധ്യക്ഷനും ഭരണവകുപ്പു സെക്രട്ടറിമാരും വകുപ്പുതലവന്മാരും ജില്ലാകളക്ടർമാരും അംഗങ്ങളായുള്ള സംസ്ഥാന സമിതി 4 മാസത്തിലൊരിക്കൽ യോഗം ചേർന്ന് സംസ്ഥാനതല ഭരണഭാഷാമാറ്റ പുരോഗതി അവലോകനം ചെയ്യുന്നു. മുഖ്യമന്ത്രി അദ്ധ്യക്ഷനും സാംസ്കാരിക വകുപ്പുമന്ത്രി ഉപാദ്ധ്യക്ഷനും ആയ ഉന്നതതല സമിതി 6 മാസത്തിലൊരിക്കൽ യോഗം ചേരുകയും ഭരണഭാഷാമാറ്റ പുരോഗതി ത്വരിതപ്പെടുത്തുന്നതിന് ആവശ്യമായ തീരുമാനങ്ങൾ കൈക്കൊള്ളുകയും ചെയ്യുന്നു. സർക്കാരിന് ഭരണഭാഷ സംബന്ധിച്ച നിർദ്ദേശങ്ങൾ നൽകുന്നതിനായി നിയമസഭാസമിതിയും പ്രവർത്തിച്ചുവരുന്നു. മിക്ക ഓഫീസുകളിലും പൊതുജനങ്ങൾ പൂരിപ്പിച്ച് നൽകേണ്ട പല ഫോറങ്ങളും ഇപ്പോഴും ഇംഗ്ളീഷിലാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിവിധ വകുപ്പുകളിലെ കോഡുകൾ, മാനുവലുകൾ, ഫോറങ്ങൾ തുടങ്ങിയവ പരിഭാഷപ്പെടുത്തുന്നതിന് വകുപ്പുകളിൽ പരിഭാഷാ സെല്ലുകൾ രൂപീകരിക്കുകയും പ്രവർത്തന പുരോഗതി വിലയിരുത്തുകയും ചെയ്യുന്നുണ്ട്. സർക്കാർ ഉത്തരവുകൾ മലയാളഭാഷയിൽ പുറപ്പെടുവിക്കുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കഴിയുന്നത്ര സർക്കാർ ഉത്തരവുകൾ മലയാളത്തിൽ പുറപ്പെടുവിക്കാൻ കൂടുതൽ ഫലപ്രദമായ നിർദ്ദേശങ്ങൾ നൽകുന്നതാണ്.

31(*160) <u>നൂതന ദാരിദ്ര്യ നിർമ്മാർജ്ജന ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം</u>

തദ്ദേശ സ്വയംഭരണവും ഗ്രാമവികസനവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, കേന്ദ്രസർക്കാരിന്റെ നൂതന നഗര ദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയായ ഇന്റഗ്രേറ്റഡ് ഹൗസിംഗ് ആന്റ് സ്ലം ഡെവലപ്മെന്റ് പ്രോഗ്രാം (IHSDP) സംസ്ഥാനത്ത് നടപ്പിലാക്കുന്നതിനായി കുടുംബശ്രീയെ നോഡൽ ഏജൻസിയായി ചുമതലപ്പെടുത്തിക്കൊണ്ട് ഉത്തരവായിട്ടുണ്ടെന്നറിയിച്ചു. തിരുവനന്തപുരം, കൊച്ചി എന്നീ നഗരങ്ങളെ ഐ.എച്ച്.എസ്.ഡി.പി.യിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്.

32(*164) <u>പുതിയ ട്രെയിനുകൾ</u>

നിയമവും പാർലമെന്ററികാര്യവും സ്പോർട്ട്സും യുവജനക്ഷേമവും തുറമുഖവും വകുപ്പുമന്ത്രി നൽകിയ ഉത്തരത്തിൽ, സംസ്ഥാനത്ത് ഈ വർഷം 2695/2696 തിരുവനന്തപുരം സെൻട്രൽ–ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ്(ദിവസേന), തിരുവനന്തപുരം സെൻട്രൽ–ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ് (ആഴ്ചയിലൊരിക്കൽ), മംഗലാപുരം–ചെന്നൈ സൂപ്പർഫാസ്റ്റ് എക്സ്പ്രസ്(ട്രൈ വീക്കിലി), എറണാകുളം–ബാംഗ്ളൂർ (വീക്ക്ലിയിൽ നിന്നും ബൈ വീക്ക്ലി ആയി) എന്നീ പുതിയ ട്രെയിൻ സർവ്വീസുകൾ അനുവദിച്ചിട്ടുണ്ടെന്നറിയിച്ചു 2006–2007–ലേയ്ക്കുള്ള റെയിൽവേ ബജറ്റിൽ എടപ്പള്ളി–ഗുരുവായൂർ, ശബരിമല–ചെങ്ങന്നൂർ എന്നീ പുതിയ റെയിൽ പാതകൾ അനുവദിച്ചിട്ടുണ്ട്.

## നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

43(813) <u>ഭരണപരിഷ്കാര പഠന സമിതി ശുപാർശകൾ</u>

സംസ്ഥാനത്ത് നടപ്പാക്കേണ്ട ഭരണപരിഷ്കാരത്തെക്കുറിച്ച് ലഭിച്ച പതിനഞ്ച് റിപ്പോർട്ടുകളിൽ പത്തെണ്ണത്തിലെ മിക്ക ശുപാർശകളും നടപ്പിലാക്കുകയും അഞ്ച് റിപ്പോർട്ടുകളിലെ ശുപാർശകൾ അംഗീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയും ചെയ്യുന്നു.

44(847,850 & 851) <u>ഐ.ടി. രംഗത്തെ നിക്ഷേപം</u>

തിരുവനന്തപുരത്തെ ടെക്നോപാർക്കിൽ പുതുതായി പ്രവർത്തനം ആരംഭിച്ച 10 കമ്പനികളുംകൂടി ഏകദേശം രണ്ടു കോടി രൂപയുടെ നിക്ഷേപം നടത്തുകയും കൂടാതെ സതർലാന്റ് ഗ്ളോബൽ സർവ്വീസസ്, പട്നി കമ്പ്യൂട്ടേഴ്സ്, കോഗ്നിസന്റ് ടെക്നോളജീസ്, സത്യം കമ്പ്യൂട്ടേഴ്സ് എന്നീ പ്രമുഖ കമ്പനികൾ നിക്ഷേപം നടത്താൻ താൽപര്യം പ്രകടിപ്പിക്കുകയും ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് ഐ.ടി.രംഗത്ത് പൊതുമേഖലയിലും സ്വകാര്യ മേഖലയിലുമായി ഏകദേശം 5000 കോടി രൂപയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്. ഇതിൽ ഓപ്റ്റിക്കൽ ഫൈബർ കേബിൾ സ്ഥാപിക്കാൻ 3750 കോടി രൂപയും അടിസ്ഥാന സൗകര്യ വികസനത്തിന് 250 കോടി രൂപയും സോഫ്റ്റ്വെയർ കമ്പനികളുടെ നിക്ഷേപം 400 കോടി രൂപയും ഈ-ഗവേണൻസ് തുടങ്ങിയ അനുബന്ധ സർക്കാർ പദ്ധതികൾക്കായി 60 കോടി രൂപയും ട്രെയിനിംഗ് ചെറുകിട സംരംഭങ്ങളിൽ 60 കോടി രൂപയും ഉൾപ്പെടും. കയറ്റുമതിയിലൂടേയും അല്ലാതെയുമായി 2001-02 മുതൽ 2005-06 വരെ 1308 കോടി രൂപയുടെ വിറ്റുവരവുണ്ടായിട്ടുണ്ട്. ടെക്നോപാർക്കിലും, കൊച്ചിയിലെ ഇൻഫോപാർക്കിലുമായി ഏകദേശം 15,600 ജീവനക്കാർ ജോലി ചെയ്യുന്നുണ്ട്.

45(860) <u>പ്രകൃതിക്ഷോഭത്തിന് കേന്ദ്രഗവണ്മെന്റിൽനിന്നും ലഭിച്ച സഹായം</u>

2000–01 മുതൽ 2005–06 വരെ പ്രകൃതിക്ഷോഭ ദുരിതാശ്വാസ പ്രവർത്തനത്തിനായി കേന്ദ്ര ഗവണ്മെന്റിൽ നിന്നും ലഭിച്ച തുകയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽനിന്നും ചെലവഴിച്ച തുകയും താഴെക്കൊടുക്കുന്നു.

| Year | GOI Share towards CRF received | Fund received from GOI from NCCF | Expenditure from CRF |
|---|---|---|---|
| 2000-01 | 1734.00 | 0.00 | 2235.50 |
| 2001-02 | 8604.00 | 0.00 | 7602.19 |
| 2002-03 | 5560.00 | 0.00 | 7185.53 |
| 2003-04 | 5838.00 | 10600.00 | 12556.23 |
| 2004-05 | 6130.00 | 10000.00 | 23508.51 |
| 2005-06 | 6413.00 | 1793.50 | 12869.90 |

46(863) <u>സുനാമി ദുരിതാശ്വാസത്തിന് ചെലവഴിച്ച തുക</u>

27–12–2004 മുതൽ നാളിതുവരെ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് 46,82,72,199 രൂപ സംഭാവനയായി ലഭിച്ചു. സുനാമി ദുരിതാശ്വാസത്തിനായി കേന്ദ്ര സർക്കാർ അനുവദിച്ച 100 കോടി രൂപ പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിലാണ് നിക്ഷേപിച്ചത്. സുനാമി ദുരിതാശ്വാസ പ്രവർത്തനങ്ങൾക്കായി മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും 29.80 കോടി രൂപയും പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും 83.27 കോടി രൂപയും ചെലവഴിച്ചു. മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽനിന്നും പൊതു ആവശ്യങ്ങൾക്കായി 21.60 കോടി രൂപ ചെലവഴിച്ചു.

47(877 & 878) <u>പ്രവാസികൾക്കുള്ള പുതിയ ക്ഷേമപദ്ധതികൾ</u>

വിദേശരാജ്യങ്ങളിൽ ജോലി ചെയ്യുന്നവർക്കും തിരിച്ചെത്തിയവർക്കും 'പ്രവാസി സ്വാശ്രയ' എന്നപേരിൽ എൽ.ഐ.സി.യുമായി ചേർന്ന് സർക്കാർ

നടപ്പിലാക്കിയ ഇൻഷ്വറൻസ് പദ്ധതിയിലെ അംഗങ്ങൾക്ക് യുണൈറ്റഡ് ഇന്ത്യ ഇൻഷ്വറൻസ് കമ്പനിയുടെ വ്യക്തിഗത, അപകട ഇൻഷ്വറൻസ് പരിരക്ഷ മാത്രമായോ, ഇൻഷ്വറൻസ് പരിരക്ഷയും രോഗ ചികിൽസാ സഹായവും കൂടിയോ ലഭ്യമാക്കുന്നതാണ്. എൻഡോവ്മെന്റോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ ആനന്ദോടുകൂടിയ ജീവൻ അക്ഷയ്, ജീവൻ അക്ഷയ് സത്വര പെൻഷൻ, ലൈഫ് കവറേജ് ഇല്ലാതെയുള്ള ജീവൻ സുരക്ഷ,. ഒറ്റത്തവണ പ്രീമിയം അടച്ചുകൊണ്ടുള്ള ജീവൻ സുരക്ഷ എന്നീ പദ്ധതികളടങ്ങിയ ഒരു സഞ്ചിത പദ്ധതിയാണ് 'പ്രവാസി സ്വാശ്രയ.' ഈ പദ്ധതികളുടെ നടത്തിപ്പിന്റെ പൂർണ്ണ ചുമതല നോർക്കയുടെ നോഡൽ ഏജൻസിയായ നോർക്ക റൂട്ട്സ് എന്ന കമ്പനിക്കാണ്. തിരിച്ചെത്തിയ പ്രവാസികൾക്കായുള്ള 'സാന്ത്വന' പദ്ധതിയിൻകീഴിൽ പ്രവാസി മലയാളികളുടെ ചികിൽസയ്ക്കോ, മരണപ്പെട്ട ആശ്രിതർക്കോ ധനസഹായം നൽകുന്നതിനുപുറമേ പ്രവാസികളുടെ കുടുംബാംഗങ്ങളുടെ ചികിൽസയ്ക്കും വികലാംഗർക്ക് വീൽച്ചെയർ, ക്രച്ചസ് എന്നിവ വാങ്ങുന്നതിനും പെൺമക്കളുടെ വിവാഹത്തിനും ധനസഹായം നൽകുന്നു. ഈ പദ്ധതിയനുസരിച്ച് ഇതുവരെ 142 പേർക്ക് 14,06,000 രൂപ ധനസഹായം നൽകിയിട്ടുണ്ട്. പ്രവാസികളുടെ മാതാപിതാക്കളുടെ വാർദ്ധക്യകാല സംരക്ഷണാർത്ഥം സ്വകാര്യ പങ്കാളിത്തത്തോടെ നോർക്ക നടപ്പിലാക്കുന്ന പദ്ധതിയായ 'ഹെറിറ്റേജ് വില്ലേജ് പദ്ധതി' മാവേലിക്കരയിൽ ആരംഭിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ തുടങ്ങിക്കഴിഞ്ഞു. സ്പോൺസർ കയ്യൊഴിയുന്നവരേയും അപകടത്തിൽപ്പെടുന്നവരേയും നാട്ടിലെത്തിക്കുന്നതിനും വിദേശത്ത് മരണപ്പെടുന്ന താഴ്ന്ന വരുമാനക്കാരായ മലയാളികളുടെ ഭൗതികശരീരം നാട്ടിൽ കൊണ്ടുവന്ന്

സംസ്ക്കരിക്കുന്നതിനും സർക്കാർ നിശ്ചിത തുക വകയിരുത്തുന്ന പദ്ധതിയാണ് എമർജൻസി റിപ്പാട്രിയേഷൻ ഫണ്ട് പദ്ധതി.

48(881) <u>പി.ആർ.ഡി. വഴി മാധ്യമങ്ങൾക്കു നൽകിയ പരസ്യങ്ങൾ</u>

19–5–2006 മുതൽ 19–6–2006 വരെ പി.ആർ.ഡി.വഴി 21,99,557 രൂപയുടേയും 41,010 രൂപയുടേയും ടെണ്ടർ, വിജ്ഞാപനങ്ങൾ തുടങ്ങിയ ദൈനംദിന പരസ്യങ്ങളും നിയമാനുസൃതമുള്ള പ്രദർശന പരസ്യങ്ങളും മാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വകുപ്പുകൾ പരസ്യത്തുക നൽകുന്ന 4,70,155 രൂപയുടെ പരസ്യങ്ങളും പി.ആർ.ഡി. മുഖാന്തിരം മാധ്യമങ്ങൾക്ക് നൽകിയിട്ടുണ്ട്. പത്രമാധ്യമങ്ങൾക്ക് 27,10,723 രൂപയുടെ പരസ്യം നൽകിയിട്ടുണ്ട്.

49(904) <u>പഞ്ചായത്തുകൾ വഴി നിർമ്മിച്ച് നൽകിയ വീടുകൾ</u>

1996–2001–ലെ സർക്കാരിന്റെ കാലത്ത് 2,08,512 വീടുകളും 2001–06–ലെ സർക്കാരിന്റെ കാലത്ത് 1,77,575 വീടുകളും പഞ്ചായത്തുകൾ മുഖേന നിർമ്മിച്ചു നൽകിയിട്ടുണ്ട്.

50(917) <u>ഗ്രാമ സഡക് യോജന</u>

പ്രധാനമന്ത്രിയുടെ ഗ്രാമ സഡക് യോജനയിൽ ഉൾപ്പെടുത്തി സംസ്ഥാനത്ത് 157 റോഡുകളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ഇപ്പോൾ പുരോഗമിച്ചുവരുന്നു.

51(927) <u>മൂന്ന് രൂപ നിരക്കിൽ അരി വിതരണം</u>

1-4-2006-ലെ കണക്കനുസരിച്ച് ആകെ 2,084,970 കുടുംബങ്ങൾക്ക് (1,492,816 ബി.പി.എൽ. കുടുംബങ്ങളും 592,154 എ.എ.വൈ. കുടുംബങ്ങളും) മൂന്ന് രൂപ നിരക്കിൽ അരി ലഭിക്കാൻ അർഹതയുണ്ട്.

52(943) <u>കർഷകർക്ക് നെൽ വില നൽകാൻ നടപടി</u>

കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ കാലത്ത് സിവിൽ സപ്ളൈസ് കോർപ്പറേഷനിൽ നിശ്ചിത സമയത്ത് രജിസ്റ്റർ ചെയ്യാതിരുന്ന നെൽക്കർഷകർക്കും അപേക്ഷയിൽ പാകപ്പിഴയുള്ളവർക്കും നെൽവിലയിനത്തിൽ 11,31,837 രൂപയാണ് നൽകുവാനുള്ളത്. നിശ്ചിത സമയത്ത് രജിസ്റ്റർ ചെയ്യാതിരുന്ന കർഷകർക്ക് അവരുടെ കൃഷി സ്ഥലത്തെ സംബന്ധിച്ച വിവരങ്ങൾ പരിശോധിച്ച് ജില്ലാതല തർക്കപരിഹാര കമ്മിറ്റിയുടെ തീരുമാനമനുസരിച്ചും അപേക്ഷയിൽ പോരായ്മകൾ ഉള്ള കേസുകളിൽ അവ പരിഹരിച്ച് കിട്ടുന്ന മുറയ്ക്കും തുക നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

53(944) <u>ഉപഭോക്തൃ തർക്കപരിഹാര കമ്മീഷൻ മുമ്പാകെയുള്ള കേസ്സുകൾ</u>

സംസ്ഥാന ഉപഭോക്തൃ തർക്ക പരിഹാര കമ്മീഷൻ മുമ്പാകെ തീർപ്പാക്കാത്ത 3974 കേസുകളുണ്ട്.

54(946) <u>പാൽ, മുട്ട, മാംസം എന്നിവയുടെ ഇറക്കുമതി</u>

സംസ്ഥാനത്ത് പ്രതിദിനം 7260 മെട്രിക് ടൺ പാലും 12.5 ദശലക്ഷം മുട്ടയും 379 മെട്രിക് ടൺ മാംസവും ആവശ്യമുണ്ട്.

55(947) <u>കന്നുകാലി സംരക്ഷണം</u>

കന്നുകാലി സംരക്ഷണത്തിനായി 2004 സെപ്റ്റംബർ മുതൽ 2006 മാർച്ച് വരെ സർക്കാരിതര ഏജൻസിയായ എൻ.ഡി.ഡി.ബി.യിൽ നിന്നും പണമായി 224.80 ലക്ഷം രൂപയും 5,67,26,095 രൂപയ്ക്കുള്ള സാധന സാമഗ്രികളും

കിട്ടിയിട്ടുണ്ട്. ഗോരക്ഷ പദ്ധതിയുടെ ഭാഗമായി കന്നുകാലികളിലെ കുളമ്പുരോഗ നിവാരണ പദ്ധതി ഒന്നും രണ്ടും ഘട്ടം നടപ്പിലാക്കുന്നതിലേയ്ക്ക് എല്ലാ ജില്ലകളിലുമായി ഈ തുകയും സാധനസാമഗ്രികളും ഉപയോഗിച്ചിട്ടുണ്ട്. കുളമ്പുരോഗ നിവാരണത്തിന് യു.ഡി.എഫ്. ഗവണ്മെന്റിന്റെ കാലത്ത് 903 ലക്ഷം രൂപ ചെലവാക്കിയിട്ടുണ്ട്. 2003 ഒക്ടോബർ മാസത്തിൽ നടന്ന കന്നുകാലികളുടെ സെൻസസ് അനുസരിച്ച് ആകെ കന്നുകാലികളുടെ എണ്ണം 34.81 ലക്ഷമാണ്. മുൻ സെൻസസിനെ അപേക്ഷിച്ച് 20.8% കുറവുവന്നിട്ടുണ്ട്.